₹ 5/-

# റിയൽ ലൈഫ് വോയ്സ്

## R E A L   L I F E   V O I C E

Monthly

Volume 10
Issue 6

**December 2021**

pages 24

“ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു; ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്. അവരെയും ഞാൻ നടത്തേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും. ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും.’’

**(യോഹന്നാൻ 10:15,16)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 10   Issue 6   December 2021   pages 24   Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം. **ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 120**

## ഉള്ളടക്കം

പേജ്

- **കർഷകസമരം** 3
- **പ്രതികരണങ്ങൾ** 5
- **തൃശ്ശൂരിലെ താരപ്പേട്ടൻ** (16) 7
- **സദുപയോഗവും ദുരുപയോഗവും** (2) 10
- **പുതിയനിയമത്തിലൂടെ....**(24) 13
- **ചോദ്യവും ഉത്തരവും** (26) 16
- **ഖുർആൻ** (2) 18
- **ഇമ്മാനുവിന്റെ സംശയങ്ങൾ** (35) 21
- **കരുണാമയൻ** 24

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ

# കർഷകസമരം: നരേന്ദ്രമോദിക്കേറ്റ പ്രഹരം!



"രാജ്യത്തെ ജനങ്ങളോടു മാപ്പു ചോദിക്കുന്നു" എന്നു പറഞ്ഞു കൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി വിവാദ കർഷക നിയമങ്ങൾ പിൻവലിച്ചു. 358 ദിവസങ്ങൾ മഞ്ഞും മഴയും ചൂടും സഹിച്ച് കർഷകർ നടത്തിയ ഐതിഹാസിക സമരമാണ് കേന്ദ്രസർക്കാരിനെ മുട്ടു കുത്തിച്ചത്. ലോക ജനശ്രദ്ധ പിടിച്ചുപറ്റിയ ഈ കർഷക സമരം യാതൊരു രാഷ്ട്രീയപാർട്ടിയുടെയും ലേബലിൽ അല്ലായിരുന്നു നടന്നത് എന്നതാണ് മറ്റൊരു വിസ്മയകാര്യം. മൃഗീയഭൂരിപക്ഷത്തിന്റെ ഹുങ്കിൽ പാർലമെന്റിൽ പാസ്സാക്കിയെടുത്ത കർഷകനിയമങ്ങളാണ് കർഷകപോരാട്ടവീര്യത്തിന്റെ മുമ്പിൽ അടിയറ വയ്ക്കേണ്ടിവന്നത്.

719 കർഷകർ ആ രണാങ്കണത്തിൽ മരിച്ചുവീണു. കോവിഡ് ബാധിച്ചു മരിച്ചവർ, തണുത്തു വിറച്ചു മരിച്ചവർ, മനം നൊന്തു ജീവനൊടുക്കിയവർ... പ്രധാനമന്ത്രിക്ക് വൈകി വന്ന വിവേകം അല്പം നേരത്തേ വന്നിരുന്നുവെങ്കിൽ ഈ ജീവനുകൾ പലതും രക്ഷിക്കാമായിരുന്നു. ഡെൽഹിയിലെ തണുപ്പും ചൂടും മഞ്ഞും സഹിച്ച് 'ഇവറ്റകൾ' അധികകാലം കഴിഞ്ഞുകൂടില്ല എന്നും, കുറച്ചു കഴിയുമ്പോൾ പൂരം കാണാൻ പോയ പട്ടിയുടെ അവസ്ഥയായല്ലോ എന്ന തോന്നൽ അവർക്കുണ്ടാവുകയും അങ്ങനെ അവർ തിരിച്ചുപൊയ്ക്കൊള്ളുകയും ചെയ്യും എന്ന ബിജെപിയുടെ കണക്കുകൂട്ടലുകളാണ് കർഷകർ പൊളിച്ചടുക്കിയത്.

യുപിഎ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിനെ രൂക്ഷമായി വിമർശിക്കുകയും വോട്ടു നേടുകയും ചെയ്തവർ അധികാരത്തിലെത്തിയപ്പോൾ തുടർച്ചയായി പെട്രോളിന്റെയും ഡീസലിന്റെയും വില കൂട്ടി! ഓരോ ദിവസവും വില കൂട്ടുകയായിരുന്നു. തിരഞ്ഞെടുപ്പു വരുമ്പോൾ ആ ദിവസങ്ങളിൽ വില കൂട്ടുന്നത് ഒഴിവാക്കും. തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ വീണ്ടും കൂട്ടും. ഇന്ത്യയിലെ ജനങ്ങളെ വെറും കഴുതകളായി കണ്ട് നടത്തുന്ന ഇത്തരം പോക്രിത്തരങ്ങൾക്കുള്ള ഒരു മുന്നറിയിപ്പ് കൂടിയാണ് കർഷകരുടെ സമരത്തിന്റെ വിജയം.

ഹിന്ദുത്വവും വർഗ്ഗീയതുമാകുന്ന ആയുധങ്ങൾ തങ്ങളുടെ ആവനാഴിയിൽ വേണ്ടുവോളം സ്റ്റോക്ക് ഉണ്ടെന്ന തിരിച്ചറിവും, വിവേകമില്ലാത്തവരും അന്ധവിശ്വാസികളുമായ ജനങ്ങൾ ഇഷ്ടം പോലെ ഇന്ത്യയിൽ ഉണ്ടെന്ന കണക്കുകൂട്ടലും, പ്രതിപക്ഷം ചിതറിക്കിടക്കുകയാണ് എന്ന യാഥാർത്ഥ്യവും മനസ്സിലാക്കിക്കൊണ്ടാണ് നരേന്ദ്രമോദി സർക്കാർ പെട്രോൾ – ഡീസൽ വിലവർദ്ധനവു നടത്തി ജനങ്ങളെ കൊള്ളയടിക്കാൻ ധൈര്യം കാണിച്ചത് എന്നാണ് പലരും ചിന്തിക്കുന്നത്. കർഷകർ നടത്തിയ പോലുള്ള ഒരു പോരാട്ടം ഇക്കാര്യത്തിലും വേണ്ടിവരും എന്നു തോന്നുന്നു.

അധികാരത്തിലെന്നുവർ ആരായാലും അവർ തങ്ങളെ അധികാരത്തിലെത്തിച്ച ജനങ്ങളുടെ സേവകന്മാരാകണം. ജനങ്ങളെ കൊള്ളയടിക്കലാകരുത് അവരുടെ തൊഴിൽ. പെട്രോൾ – ഡീസൽ വിലവർദ്ധന അധികാരത്തിലുള്ളവരെ ബാധിക്കുന്നില്ല. കാരണം അവർ സഞ്ചരിക്കുന്ന കാറുകളുടെയും മറ്റും ഇന്ധനച്ചെലവ് സർക്കാർ ഖജനാവിൽനിന്നാണല്ലോ പോകുന്നത്. അതുകൊണ്ട് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിക്കുന്നതിൽ അവർക്കു വിഷമിക്കാനില്ല. നോക്കുക: അവരെ അല്പം പോലും ദോഷകരമായി ബാധിക്കാതെ, പൊതുജനങ്ങളെ മാത്രം ദോഷകരമായി ബാധിക്കുന്ന നിലയിലാണ് ഈ വില വർദ്ധനവ്!

വിവിധ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് വരുന്നതിന്റെ പശ്ചാത്തലത്തിലാണ് മോദിസർക്കാർ ഈ വിവാദ കർഷക നിയമങ്ങൾ പിൻവലിച്ചത് എന്നു എല്ലാവർക്കും അറിയാം. പഴയതെല്ലാം മറന്ന് കഴുതകളായ ജനം തങ്ങൾക്കു വീണ്ടും വോട്ടു ചെയ്യും എന്നു അവർ കരുതുന്നു. പ്രതിപക്ഷം ചിതറിക്കിടക്കുന്നിടത്തോളം കാലം തങ്ങൾക്ക് വെല്ലുവിളി യാതൊന്നുമില്ലെന്നു ബിജെപി തിരിച്ചറിയുന്നു. ബിജെപി വീണ്ടും അധികാരത്തിലെത്തിയാലും ഇല്ലെങ്കിലും പെട്രോളിന്റെയും ഡീസലിന്റെയും ഗ്യാസിന്റെയും മണ്ണെണ്ണയുടെയും വില എല്ലാ ദിവസവും വർദ്ധിപ്പിച്ചുകൊണ്ടിരുന്നത് തികഞ്ഞ തോന്നിവാസം മാത്രമായിരുന്നു എന്ന് ഇന്ത്യയിലെ ജനങ്ങൾ തിരിച്ചറിഞ്ഞാൽ പിന്നെ ആ പാർട്ടിയുടെ കഥ തന്നെ കഴിയും.

തിന്മയുടെ വിജയം കണ്ടു മടുത്തവർക്ക് ഒരു ആശ്വാസമാണ് കർഷകരുടെ വിജയം. എല്ലായ്പോഴും തിന്മ തന്നെ വിജയിച്ചാൽ ശരിയാവില്ല. ഇടയ്ക്കെല്ലാം സത്യത്തിന്റെ ഭാഗത്തും ഒരു ജയം വേണം. അതിൽനിന്നും ലഭിക്കുന്ന ഊർജ്ജം ഒന്നു വേറെത്തന്നെയാണ്. കർഷക സമരത്തിന്റെ വിജയം എല്ലാ ഗവൺമെന്റുകൾക്കും ഒരു പാഠമാകട്ടെ. ജനങ്ങളെ കഴുതകളായി കാണാതെ അവരുടെ മൂല്യം തിരിച്ചറിയുക. ജനദ്രോഹനടപടികൾ എല്ലാ സർക്കാരുകളും പിൻവലിക്കുക. അഴിമതിയും ധൂർത്തും ഒഴിവാക്കുക. ഇല്ലെങ്കിൽ ഇങ്ങനെയുള്ള തിരിച്ചടികൾ പ്രതീക്ഷിക്കാം. **(MVS)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം ഫോൺ: 95 44 557 557**

## Kuruvila Abraham, Vadapuram, Malappuram

മാസിക വളരെ പ്രയോജനകരമാണ്. ദൈവം അനുഗ്രഹിക്കട്ടെ. നവംബർമാസത്തിലെ താരപ്പൻസഹോദരന്റെ പാട്ടുകളെക്കുറിച്ചു വായിച്ചു. എട്ടുകാലി മമ്മൂഞ്ഞ് നാട്ടിലുള്ള ഗർഭിണികളുടെയെല്ലാം ഗർഭത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്ന കാര്യം എഴുതിയിരുന്നല്ലോ. കൂട്ടത്തിൽ ഒന്നു കൂടി എഴുതാനുണ്ടായിരുന്നു. നാട്ടിലെ ഒരു വീട്ടിൽ ലക്ഷ്മി എന്ന ആനയുണ്ടായിരുന്നു. ലക്ഷ്മി ഗർഭിണിയാണെന്നറിഞ്ഞപ്പോൾ അത് ആനയാണെന്നറിയാതെ എട്ടുകാലി മമ്മൂഞ്ഞ് പറഞ്ഞു: അതു ഞമ്മളാണ്.

## William George, Salalah, Oman

താങ്കളുടെ ശുശ്രൂഷയെ ഞാൻ വിലമതിക്കുന്നു. എന്റെ നാട്ടിലെ അഡ്രസ്സിലാണ് മാസിക ലഭിക്കുന്നത്. അതുകൊണ്ട് നാട്ടിൽ വരുമ്പോൾ മാത്രമാണ് എനിക്കു അത് വായിക്കാൻ കഴിയുന്നത്. ഇനി മുതൽ മാസിക എന്റെ വിദേശത്തുള്ള വിലാസത്തിൽ അയച്ചുതന്നാൽ നന്നായിരുന്നു. വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ നിന്നുള്ള ഒരു വ്യതിചലനം മാസികയിലെ എഴുത്തുകളിൽ കാണുന്നുണ്ട്. മാത്രമല്ല, ഒരു വിധം എല്ലാ ലേഖനങ്ങളും സഹോദരൻ തന്നെയാണ് എഴുതുന്നത്. അതുകൊണ്ട് വായനയ്ക്ക് പ്രയാസമൊന്നുമില്ല. എങ്കിലും എന്തുകൊണ്ടാണ് മറ്റുള്ളവരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാത്തത് എന്നു അറിയാൻ ആഗ്രഹമുണ്ട്.

**(എഡിറ്റർ: ദൈവാനുഗ്രഹത്താൽ എനിക്ക് തന്നെ എഴുതാൻ ധാരാളമുണ്ട്. അവയൊന്നും മറ്റു മാസികകൾ പ്രസിദ്ധീകരിക്കണമെന്നില്ല. എന്റെ ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിക്കാനുള്ള സന്മനസ്സ് കാണിച്ചിട്ടുള്ളത് തൃശ്ശൂരിലെ ജീവധ്വനി മാസികക്കാർ മാത്രമാണ്. കഴിഞ്ഞ ആറ് വർഷത്തോളമായി ഒരു ലക്കം പോലും മുടങ്ങാതെ അവർ എന്റെ തുടർലേഖനങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. മറ്റു എഴുത്തുകാരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ ഇഷ്ടം പോലെ മാസികകൾ നമ്മുടെ മദ്ധ്യേ ഉണ്ടല്ലോ. ലേഖനങ്ങൾ അയച്ചുതരിക എന്ന ആഹ്വാനം റിയൽ ലൈഫ് വോയ്സിൽ കൊടുക്കാത്തത് അതുകൊണ്ടാണ്. എനിക്കു ദൈവം തരുന്ന ആലോചനകൾ കുറയുമ്പോൾ മാത്രമേ മറിച്ചു ചിന്തിക്കുകയുള്ളൂ)**

**George Koshy, Mylapra, Pathanamthitta**

ഒറ്റക്കണ്ണന്മാർ എന്ന എഡിറ്റോറിയൽ നന്നായിരുന്നു. ചില മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ കാര്യത്തിൽ ഒറ്റക്കണ്ണന്മാരാണ് എന്നെഴുതിയത് വാസ്തവമാണ്. എന്നാൽ ഇതിനൊരു മറുവശം കൂടിയുണ്ട്. മക്കൾക്ക് പറയാനുള്ളത് എന്തെന്നു കേൾക്കാൻ മനസ്സു വയ്ക്കാതെ അവരെ സ്ഥിരം കുറ്റപ്പെടുത്തുന്നവരുമുണ്ട്. ❍


# സത്യഗ്രന്ഥം

- **പഴയനിയമവും പുതിയനിയമവും അടങ്ങിയ സമ്പൂർണ്ണതിരുവെഴുത്തുകൾ (66 പുസ്തകങ്ങൾ)**
- ദൈവത്തെ അങ്ങ്, അവിടുന്ന് എന്നീ പദങ്ങൾ ഉപയോഗിച്ച് മാത്രമുള്ള സംബോധന;
- ഉപദേശസത്യങ്ങളെ വികലമാക്കാതെയുള്ള തർജ്ജമ
- **ക്രൗൺ 1/8 സൈസ്. 1664 പേജുകൾ. പുതിയ ലിപി**
- 35 ജിഎസ്സ്എം ബൈബിൾ പ്രിന്റിംഗ് പേപ്പർ
- ബ്ലാക്ക് ലെതർ ഫിനിഷിംഗ് റെക്സിൻ കവർ
- ഗോൾഡ് സൈഡ് ഗിൽറ്റഡ്
- **വില: ഒരു കോപ്പി 300 രൂപ (പോസ്റ്റേജ് 50 രൂപ)**
- കൂടുതൽ കോപ്പികൾക്ക് പ്രത്യേക നിരക്ക്

**സത്യഗ്രന്ഥം**
**പോസ്റ്റ്ബോക്സ്: 20**
**പീരുമേട് പോസ്റ്റ്**
**ഇടുക്കി ജില്ല. കേരളം - 685 531**
ഫോൺ: 9656377132 (വാട്സാപ്)
ഇമെയിൽ: sathyagrandhambible@gmail.com

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ 16

**-എംവിഎസ്-**

**സി.വി.താരപ്പൻ (1886–1958): 'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

### ഗാനങ്ങളിലൂടെ പ്രകടമാകുന്ന കവിയുടെ വ്യക്തിത്വം

300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവിയായ സി. വി. താരപ്പൻ ആ ഗാനങ്ങളിൽ പലതിലും തന്റെ മനസ്സിലെ പരിഭവവും പ്രതിഷേധവും പ്രകടിപ്പിച്ചിട്ടുണ്ട്. സഹോദരസ്നേഹവും, പ്രത്യാശയും ആ വരികളിൽ നമുക്കു കാണാൻ കഴിയും. 72 വയസ്സുവരെ ഈ ഭൂമിയിൽ ജീവിച്ച അദ്ദേഹത്തിന്റെ ജീവിതകാലം അത്ര തന്നെ മൃദുവും മിനുസമുള്ളതും ആയിരുന്നില്ല. വെല്ലുവിളികളും അപഖ്യാതികളും അദ്ദേഹത്തിനു ചുറ്റുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പെരുമാറ്റം തെറ്റിദ്ധരിക്കപ്പെടുന്ന സാഹചര്യവും ഉണ്ടായി.

ചെരുപ്പ് ധരിക്കുന്ന സ്വഭാവം അദ്ദേഹത്തിനു ഇല്ലായിരുന്നു. പക്ഷേ സുവിശേഷപ്രവർത്തനത്തോടുള്ള ബന്ധത്തിൽ അദ്ദേഹം ദീർഘദൂരം യാത്ര നടത്തുമായിരുന്നു. പലപ്പോഴും കാൽവിരലുകൾ വിണ്ടുകീറുകയോ വീങ്ങുകയോ ചെയ്യും. ഈ സാഹചര്യത്തിൽ അദ്ദേഹം ഒരു വിശ്വാസിയുടെ വീട്ടിൽ ചെന്നാൽ അവിടെയുള്ളവർ ആ കാലിൽ എണ്ണ തേച്ച് തിരുമ്മുകയോ തടവുകയോ ചെയ്തുകൊടുക്കുക പതിവാണ്. ആ വീട്ടിലുള്ള സഹോദരിമാരും ചിലപ്പോൾ ഇങ്ങനെ ചെയ്തുകൊടുക്കും. വീടിന്റെ ഉമ്മറത്ത് അരങ്ങേറുന്ന ഈ രംഗം പലരുടെയും നെറ്റിയിൽ ചുളിവുകൾ വീഴ്ത്തുന്നതിനു കാരണമായി. താരപ്പനെ ഒരു പെങ്കോന്തനായി ചിത്രീകരിക്കുവാൻ ചിലരെങ്കിലും ഉത്സാഹം കാണിച്ചു.

അവിവാഹിതനായി ജീവിക്കുന്ന താരപ്പൻസഹോദരനെ സംബന്ധിച്ചിടത്തോളം ഈ ആരോപണം വളരെ ദുസ്സഹമായിരുന്നു. വേദനയാൽ വിങ്ങിയ ഹൃദയത്തിൽനിന്നും പുറത്തേക്കു വന്ന വരികൾ നോക്കൂ:

ദൂഷ്യങ്ങൾ ഏഷണികൾ ബഹുവിധ
വ്യാജമായ് ചൊല്ലുകിലും
ഭീഷണി കേൾക്കയിൽ ഞാൻ തളർന്നീടാൻ
ഹേതുവായ് തീർന്നെങ്കിലും
നിത്യഭുജങ്ങളാൽ എന്നെയനുദിനം
എത്രയതിശയമായ് നടത്തീടുന്നു

തന്നെക്കുറിച്ച് മറ്റുള്ളവർ വ്യാജമായും ഏഷണിയായും ദൂഷണമായും പലതും പറയുമ്പോൾ അതിൽ തളർന്നുപോകാറുണ്ട് എങ്കിലും ദൈവം പിന്നെയും നിത്യഭുജങ്ങളാൽ താങ്ങി അതിശയമായി നടത്തുന്നു എന്നാണ് താരപ്പൻസഹോദരൻ കുറിച്ചത്. ഈ വരികളിൽ കവിയുടെ സ്വന്തം അനുഭവങ്ങളുടെ കൈപ്പും മധുരവും സമ്മിശ്രമായി സമ്മേളിപ്പിച്ചിരിക്കുന്നതു കാണാം. സ്ത്രീവിഷയത്തിൽ അദ്ദേഹം ഒരു പരാജയമാണ് എന്ന മട്ടിൽ പ്രചരിച്ച കാര്യങ്ങളിലെ സത്യാവസ്ഥ എന്നെങ്കിലുമൊരിക്കൽ തെളിയും എന്നു അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരു ഗാനത്തിലെ വരികൾ ഇപ്രകാരമാണ്:

സത്യം ജയിക്കും ജയിക്കും ജഗത്തിങ്കൽ
സത്യത്തിനെപ്പോഴും സ്ഥാനമുണ്ട്
സത്യസ്വരൂപൻ തുണയ്ക്കയാലാനന്ദം
മർത്യർക്കു നിത്യം സുസിദ്ധമാണ്

ചതിക്കുന്ന ലോകമാണ് ഇത് എന്ന് അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയിരുന്നു. ജീവിതത്തിൽ പല തവണ ചതിയുടെ ദുർഗന്ധം അദ്ദേഹം അനുഭവിച്ചിട്ടുണ്ടായിരിക്കണം. ചതിക്കുന്ന ഈ ലോകത്തെ കൊതിക്കരുത് എന്നാണ് അദ്ദേഹം ആഹ്വാനം ചെയ്തത്. ഈ ലോകത്തെ കൊതിച്ചുകൊണ്ട് മുന്നേറിയാൽ ചതിക്കപ്പെടുകയേയുള്ളൂ എന്നും ദൈവത്തെ കൊതിച്ചുകൊണ്ട് ജീവിക്കുന്നതാണ് നല്ലത് എന്നും അദ്ദേഹം വിശ്വസിച്ചു.

ചതിക്കുന്ന ലോകം ചതിക്കുന്ന ലോകം
ചതിക്കുന്ന ലോകമിത് - മനമേ
കൊതിക്കരുതിതിനെ മദിക്കരുതിതിൽ നീ
ചതിക്കുന്ന ലോകമിത്

ഇഹതലബലവും ഭാഗ്യങ്ങളഖിലം
വേഗത്തിൽ പോയ്മറയും - മനമേ
ദേഹവും നശിക്കും ജീവനും പിരിയും
ചതിക്കുന്ന ലോകമിത്

താരപ്പൻ സഹോദരന്റെ ഉപദേശങ്ങളിലെ കർക്കശ നിലപാടുകൾ നിമിത്തം പലരും അദ്ദേഹത്തെ വിട്ടുപോയി. അദ്ദേഹം ലളിതജീവിതം നയിക്കുവാൻ പഠിപ്പിക്കുകയും അതു സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു. പ്രസംഗവും പ്രവൃത്തിയും സമാന്തരമായി കൊണ്ടുപോകുന്ന ഉപദേശിമാരിൽനിന്നും വ്യത്യസ്തനായി, അദ്ദേഹം രണ്ടും ഒരുമിച്ചു കൊണ്ടുപോയി. തീർത്തും ലളിതജീവിതം നയിച്ചിരുന്നതുകൊണ്ട്, അദ്ദേഹത്തിന് ആരെയും പ്രസാദിപ്പിക്കാൻ ആവശ്യമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പല നയങ്ങളോടും പൊരുത്തപ്പെടാൻ പലർക്കും കഴിഞ്ഞില്ല. അവരെല്ലാം പലപ്പോഴായി പിരിഞ്ഞുപോവുകയും ചെയ്തു. അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ഇതിന്റെ അനുരണനം കാണാം.

പരദേശി ഞാനെന്റെ പരവാസലോകത്തിൽ
പരിതാപകാലങ്ങളേറെയുണ്ട്
മരുഭൂമി യാത്രയിൽ കൂടാരവാസി ഞാൻ
കൂടെ സഖികളും ഏറെയില്ല

കൂടെയുള്ള ഓരോരുത്തരായി മാറിപ്പോയി, ഒടുവിൽ താൻ ഒറ്റപ്പെട്ടുപോകുമോ എന്നു അദ്ദേഹം സംശയിച്ചിരുന്നു. അപ്പോഴും സ്വന്തം നയങ്ങളിലും കാഴ്ചപ്പാടുകളിലും മാറ്റം വരുത്തുവാൻ അദ്ദേഹം തയ്യാറായില്ല. ദൈവം കൂടെയുണ്ടായാൽ മതി എന്നു ഉറച്ചു വിശ്വസിച്ചു.

ഈ മരുവിൽ ഏകനായ് ഞാൻ യാത്ര ചെയ്‌വാനിടവന്നാൽ
നീയൊരുവൻ മതി എന്റെ കൂടവെ – എന്റെ
നിത്യസഖി യേശുവേ, നീ മാത്രമേ

വിട്ടുവിട്ടു മാറിടുന്ന മിത്രമേയുള്ളീയുലകിൽ
ശത്രുതയും ചെയ്തിടുന്നു മാനുഷ്യർ – അയ്യോ
യാത്രയിൽ നീ മാത്രമേയെന്നാശ്രയം

താരപ്പേട്ടൻ സംശയിച്ചിരുന്നതുപോലെത്തന്നെ അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ചു. കൂടെയുണ്ടായിരുന്ന ആളുകൾ ഓരോരുത്തരായി അദ്ദേഹത്തെ വിട്ടുപോയി. അവസാനഘട്ടത്തിൽ അദ്ദേഹത്തിന്റെ കൂടെ ഉറ്റസഖിയായി നിന്നത് ശ്രീ. കെ. ഒ. ചേറു മാത്രമായിരുന്നു. എങ്കിലും അദ്ദേഹം ധൈര്യത്തോടെ തന്റെ ക്രിസ്തീയ ഓട്ടം തുടർന്നു. നിലപാടുകളിൽ അയവു വരുത്താൻ ആ ഭക്തൻ തയ്യാറായില്ല. ഒരു കാലത്ത് നിരവധി സഭാകൂടിവരവുകൾ സ്ഥാപിക്കാനും അനേകരോട് സുവിശേഷം പറയാനും ദൈവം അദ്ദേഹത്തിനു അവസരം കൊടുത്തു. അനേകം ഭക്തരുടെ ഉൾത്തടത്തിൽ ഹീറോ തന്നെയായിരുന്നു അദ്ദേഹം. പക്ഷേ ജീവിതാവസാനത്തിൽ അദ്ദേഹം ഏറെക്കുറെ ഒറ്റപ്പെട്ടുപോയി. **(തുടരും)**

**മൊബൈൽഫോൺ, കമ്പ്യൂട്ടർ**

# സദുപയോഗവും ദുരുപയോഗവും

## പ്രൊഫ. ടി. ജോൺ മാത്യു

**കോട്ടയം ബസേലിയസ് കോളേജിലും, തൃശ്ശൂർ എൽത്തുരുത്ത് സെന്റ്. അലോഷ്യസ് കോളേജിലും ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്ന ലേഖകൻ, റിട്ടയർ ചെയ്തതിനുശേഷം, മണ്ണുത്തി ബൈബിൾ സ്റ്റഡി സെന്ററിന്റെ സാഹിത്യപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ പുസ്തകത്തിൽ നിന്നുമാണ് ഈ ലേഖനങ്ങൾ കൊടുക്കുന്നത്. അദ്ദേഹത്തിന്റെ വാട്സാപ് നമ്പർ: 8590602450**

### 'പ്രണയപ്പക'

2021 ജൂലൈ 21-ാം തീയതി തൃശ്ശൂരിൽ നിന്നു പ്രസിദ്ധീകരിക്കപ്പെട്ട മലയാള മനോരമയുടെ ഒന്നാം പേജിൽ "പ്രണയപ്പക: പെൺകുട്ടിയെ വെടിവെച്ച് കൊന്ന് യുവാവ് ജീവനൊടുക്കി" എന്ന തലക്കെട്ടോടുകൂടിയ ഒരു വാർത്ത കണ്ടു.

വാർത്തയുടെ വിശദാംശങ്ങൾ ഇപ്രകാരമായിരുന്നു: കണ്ണൂർ സ്വദേശിനിയായിരുന്ന പി. വി. ശാലിനി (24) എന്ന പെൺകുട്ടി കോതമംഗലത്ത് നെല്ലിക്കുഴിയിലെ ഇന്ദിരാഗാന്ധി ഡെന്റൽ കോളേജിൽ പഠനം പൂർത്തിയാക്കിയ ശേഷം മറ്റു ചില കൂട്ടുകാരികളോടൊപ്പം കോളേജിനടുത്ത് ഒരു വീട്ടിൽ വാടകയ്ക്ക് താമസിച്ചു കൊണ്ട് ഹൗസ് സർജനായി ജോലി ചെയ്യുകയായിരുന്നു.

ഒരു വർഷം മുമ്പ് ഇൻസ്റ്റഗ്രാമിലൂടെ തലശ്ശേരി മേലൂർ സ്വദേശി നിഖിൽ ബാബുവുമായി (32) സൗഹൃദത്തിലാവുകയും കുറെ കഴിഞ്ഞപ്പോൾ ഈ സൗഹൃദബന്ധം വേണ്ടെന്നു തോന്നിയതിനാൽ അയാളുമായി സമ്പർക്കം വേണ്ടെന്നു തീരുമാനിക്കുകയും ചെയ്തിരുന്നു. (പത്രറിപ്പോർട്ടിലെ പേരുകൾ വേറെയാണ്) പക്ഷേ അയാൾ വീണ്ടും വീണ്ടും ശാലിനിക്ക് സന്ദേശങ്ങൾ അയച്ചുകൊണ്ടിരുന്നു. ശല്യം സഹിക്കാതായപ്പോൾ ശാലിനി വീട്ടിൽ വിവരം അറിയിക്കുകയും മാതാപിതാക്കൾ പോലീസിൽ വിവരം അറിയിക്കുകയും പോലീസ് നിഖിലിനെ വിളിച്ചുവരുത്തി മേലിൽ ശാലിനിയുമായി ബന്ധം പുലർത്താൻ ശ്രമിക്കരുതെന്നു താക്കീത് ചെയ്യുകയും ചെയ്തു.

ഇതിൽ കുപിതനായ നിഖിൽ, ശാലിനി ഹൗസ്സർജനായി ജോലി ചെയ്യുന്ന കോളേജിനടുത്ത് ചെന്ന് ശാലിനി താമസിക്കുന്ന വീടിന് അടുത്തുതന്നെയുള്ള ഒരു കെട്ടിടത്തിൽ വളരെ രഹസ്യമായി ഒരു പ്ലൈവുഡ്

കമ്പനിയുടെ ജോലിക്കാരൻ എന്ന വ്യാജേന ഒരു മുറി വാടകയ്ക്കെടുത്തു. ബീഹാറിൽ വ്യാജതോക്കുകൾ നിർമ്മിച്ചു വിൽക്കുന്ന സ്ഥലത്തു ചെന്നു ഒരു തോക്ക് ഇയാൾ വാങ്ങിക്കുകയും അതുപയോഗിക്കാൻ പരിശീലനം നേടുകയും ചെയ്തിരുന്നു. ആ തോക്കുമായി നെല്ലിക്കുഴിയിൽ താൻ വാട കയ്ക്കെടുത്ത മുറിയിൽ താമസിക്കാൻ തുടങ്ങിയ ശേഷം ഒരു ദിവസം കാലത്ത് ശാലിനി താമസിച്ചിരുന്ന വീട്ടിലെത്തി, കൂട്ടുകാരോടൊപ്പം പ്രഭാ തഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ശാലിനിയെ വെടിവെച്ചു കൊല്ലുകയും അതിനുശേഷം സ്വന്തം തലയ്ക്കു നേരെ വെടിയുതിർക്കുകയുമാണ് ചെയ്തത്.

ഇവിടെയെല്ലാം സംഭവിച്ച മരണങ്ങളുടെ ഉത്തരവാദികൾ വല്ലാത്ത ദുഷ്ടവിചാരങ്ങളും ക്രൂരതയുമൊക്കെ മനസ്സിൽ വച്ചുപുലർത്തുന്നവരായി രുന്നു എന്നു പറഞ്ഞാൽ അതു പലർക്കും തൃപ്തികരമായി തോന്നാവുന്ന വിശദീകരണമായിരിക്കും. എന്നാൽ അല്പം ആഴമായി ചിന്തിക്കുമ്പോൾ നാം കണ്ടെത്തുന്നത് ഈ വിശദീകരണം വാസ്തവത്തിൽ തൃപ്തികരമല്ല എന്നു തന്നെയാണ്. ഈ സംഭവങ്ങൾക്കു ശേഷം അടുത്ത മാസത്തിൽ തന്നെ (2021 ആഗസ്റ്റ് 6–ാം തീയതി) പ്രസിദ്ധീകരിക്കപ്പെട്ട മലയാള മനോ രമയിൽ പ്രശസ്ത എഴുത്തുകാരനായ ശ്രീ. എൻ.എസ്. മാധവൻ എഴുതി യിരുന്ന *ചോര വീഴ്ത്തുന്ന പ്രണയം* എന്ന ചെറുലേഖനത്തിൽ വായിക്കാ നിടയായത് ഇപ്രകാരമായിരുന്നു:

> മനഃശ്ശാസ്ത്രജ്ഞരായ ആരോൺ ബിസിയേവും റൂഹമ ഗുസ്സിൻസ്കിയും ചേർന്ന് പുരുഷ കൊലയാളികളെക്കുറിച്ച് പഠനം നടത്തി 2008 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് നെല്ലിക്കുഴിയിൽ നടന്ന ശാലിനിയുടെ ദാരുണാന്ത്യം സംബന്ധിച്ച കാര്യങ്ങളിലേക്ക് കൂടു തൽ വെളിച്ചം വീശാം. പുരുഷ കൊലയാളികളിൽ ആറു ലക്ഷണ ങ്ങളാണ് ഇവർ കണ്ടെത്തിയത്. കൊലയാളികളായ പുരുഷന്മാരുടെ ലോകം അവർ കാംക്ഷിക്കുന്ന സ്ത്രീ മാത്രമായി ചുരുങ്ങുന്നു; ജീവി തത്തിന് മറ്റു അർത്ഥങ്ങളോ കാരണങ്ങളോ അവർക്കില്ല; പുരുഷ കേന്ദ്രിതമായ അധികാരം, ദുരഭിമാനം, നിയന്ത്രണം എന്നിവയെക്കു റിച്ചുള്ള പരമ്പരാഗതമായ അവബോധം; അവയ്ക്കു ക്ഷതമേൽക്കു മ്പോൾ തോന്നുന്ന നാണക്കേട്; ഒത്തുതീർപ്പുകൾക്ക് തയ്യാറാല്ലാത്ത മുരട്ടുസ്വഭാവം; ഇണയെ കുരുതി കൊടുക്കുന്നതിനെ പ്രണയം ന്യായീകരിക്കുന്നു എന്ന സങ്കല്പം.

മനഃശ്ശാസ്ത്രജ്ഞന്മാരെ ഉദ്ധരിച്ചുകൊണ്ട് ലേഖനകാരൻ ചൂണ്ടിക്കാണിച്ച ആറു കാര്യങ്ങളിൽ ഒന്നാമത്തേത് 'കൊലയാളികളായ പുരുഷന്മാരുടെ ലോകം അവർ കാംക്ഷിക്കുന്ന സ്ത്രീ മാത്രമായി ചുരുങ്ങുന്നു'എന്നതാണ്.

ഈ ഒറ്റ ഒരു വിഷയം മാത്രമാണ് ഞാൻ വിശദമായി ചിന്തിക്കുവാൻ പോകുന്നത്. “കൊലയാളികളായ പുരുഷന്മാരുടെ ലോകം” എന്ന പദപ്രയോഗത്തിന്റെ പിന്നിലെ ആശയം വിശദീകരിക്കേണ്ടത് അത്യാവശ്യമാണ്. ആ വിശദീകരണമാണ് ഇനി നൽകുവാൻ പോകുന്നത്. **(തുടരും)**

**പ്രൊഫ. ടി. ജോൺമാത്യുവിന്റെ ഏറ്റവും പുതിയ ഈ പുസ്തകം തപാലിൽ ലഭിക്കുന്നതിന് 25 രൂപ T. JohnMathew, A/c. No. 921020002139526, IFSC : UTIB0004347 - Axis Bank, Paravattani എന്ന അക്കൗണ്ടിൽ അടച്ചശേഷം 8590602450 എന്ന WhatsApp-ൽ വിവരം അറിയിക്കുക**

# സത്യഗ്രന്ഥം - റിവ്യൂ

ഈ ബൈബിൾപരിഭാഷയിൽ ഞാൻ കണ്ട പ്രത്യേകതകൾ ഇവിടെ ചൂണ്ടിക്കാണിക്കാം.

വായനാസുഖമുള്ള പ്രിന്റിംഗ് ആണ്. കു, ക ഇതെല്ലാം വ്യക്തമായി കാണാം. കുളത്തെ ആരും കളം എന്നു വായിക്കുകയില്ല.

ഇക്കാലത്ത് ബൈബിൾ വായിക്കുമ്പോൾ പലപ്പോഴും അസഹ്യമായി തോന്നിയിട്ടുള്ള ചില പദപ്രയോഗങ്ങൾ ഈ പരിഭാഷയിൽ ഒഴിവാക്കിയിട്ടുണ്ട്. കടിപ്രദേശം (എബ്രായർ 7:10), മച്ചി (ലൂക്കൊസ് 1:36), പുളച്ചിരിക്കുന്ന (വെളിപാട് 18:9), മൂത്രപിണ്ഡം (ലേവ്യർ 8:16), വന്നാറെ (മത്തായി 8:14) തുടങ്ങിയ പദങ്ങൾ കുടുംബപ്രാർത്ഥനയിലും മറ്റും വായിക്കുമ്പോൾ തീർത്തും ആരോചകമായി തോന്നാറുണ്ട്. അത്തരം കാലാഹരണപ്പെട്ടതോ ദുഃസ്സൂചനയുള്ളതോ ആയ പദപ്രയോഗങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

പുതിയനിയമത്തിൽ പഴയനിയമഭാഗങ്ങൾ ഉദ്ധരിക്കുമ്പോൾ അതിന്റെ റഫറൻസ് ബ്രായ്ക്കറ്റിൽ കൊടുത്തിട്ടുണ്ട്.

സത്യഗ്രന്ഥത്തിന്റെ അണിയറപ്രവർത്തകർ അവകാശപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്:

“എന്നാൽ നിലവിലുള്ള വിവർത്തനങ്ങൾ ഒന്നിലും, ആദ്യവിവർത്തനങ്ങളിൽ സംഭവിച്ച അപാകതകൾക്ക് പരിഹാരം കാണുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് സത്യഗ്രന്ഥം ഇങ്ങനെ ഒരു ഉദ്യമത്തിന് മുതിർന്നത്.”

**(എഡിറ്റർ)**

# പുതിയനിയമത്തിലൂടെ

# (24) യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

**മൂന്നാം ഭാഗം: മൃഗങ്ങൾ**

**9. കുതിര** (യാക്കോബ് 3:3)

വേദപുസ്തകത്തിൽ കുതിരയെ നാം ആദ്യമായി കാണുന്നത് ഉല്പത്തി 49:17 ലാണ്. “അവൻ (ദാൻ) കുതിരയുടെ കുതികാൽ കടിക്കും” എന്നു അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. പുതിയനിയമത്തിൽ കുതിരയെക്കുറിച്ച് ആകെ 15 വാക്യങ്ങളാണുള്ളത്. ഒരു വാക്യം യാക്കോബിന്റെ ലേഖനത്തിലും, ബാക്കിയെല്ലാ വാക്യങ്ങളും വെളിപ്പാട്പുസ്തകത്തിലും!

**കുതിര – യാക്കോബിന്റെ ലേഖനത്തിൽ**

“കുതിരയെ അധീനമാക്കുന്നവൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവൻ തിരിക്കുന്നുവല്ലോ” (യാക്കോബ് 3:3). നാവിനെ നാം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിവരിക്കാനാണ് ഇക്കാര്യം അപ്പൊസ്തലനായ യാക്കോബ് എഴുതിയത്. കുതിരയ്ക്ക് കടിഞ്ഞാൺ പോലെയാണ് മനുഷ്യന് അവന്റെ നാവ്. കടിഞ്ഞാണിന്റെ നിയന്ത്രണം ഇല്ലെങ്കിൽ കുതിരയെ മെരുക്കാൻ സാധ്യമല്ല. അതുപോലെ നാവിൽ നിയന്ത്രണമില്ലാത്ത മനുഷ്യനെയും മെരുക്കാൻ കഴിയില്ല. നാവിനെ നിയന്ത്രിക്കുന്നവൻ ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ കഴിവുള്ളവനാണെന്നു 3:2 ൽ യാക്കോബ് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

കുതിരയെ അധീനമാക്കുവാൻ ആഗ്രഹിക്കുന്നവൻ അതിന്റെ വായിൽ കടിഞ്ഞാൺ ഇടും. അതുപോലെ സ്വന്തം ശരീരത്തെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വന്തം നാവിനെ നിയന്ത്രിക്കണം. പൊട്ടച്ചൊല്ലും കളിവാക്കുമെല്ലാം ഒഴിഞ്ഞിരിക്കാൻ വേദപുസ്തകം പറയുന്നത് അതുകൊണ്ടാണ് (എഫെസ്യർ 5:4). ഇത്തരം സംഭാഷണങ്ങൾ ജീവിതത്തിന്റെ താളം പെട്ടെന്നു തെറ്റിക്കും. തമാശയായി പറഞ്ഞ കാര്യങ്ങൾക്ക് അപ്രതീക്ഷിതമായി ഗൗരവസ്വഭാവം കൈവരുന്നതും അത് ഭിന്നിപ്പിൽ കലാശിക്കുന്നതും സർവസാധാരണമാണല്ലോ.

നാവിന്റെ ഉപയോഗത്തിലെ പാളിച്ച മൂലം സ്നേഹബന്ധങ്ങൾക്ക് ഉല ച്ചിൽ തട്ടും; ജീവൻ തന്നെ അപകടത്തിലായെന്നും വരാം. ദാമ്പത്യജീവിത ത്തിൽ വരുന്ന തകർച്ച, സൗഹൃദബന്ധങ്ങളിൽ വരുന്ന അകല്ച, കച്ചവട ങ്ങളിൽ വരുന്ന വീഴ്ച എന്നിവയിൽ എല്ലാം നാവിന്റെ ഉപയോഗത്തിലെ പോരായ്മ ഒരു പ്രധാന കാരണമായി നമുക്കു കാണുവാൻ കഴിയും. അതു കൊണ്ട് കുതിരയുടെ കടിഞ്ഞാൺ പോലെ നാം നമ്മുടെ നാവിനെ കാണണം. മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചും ആശ്വസിപ്പിച്ചും നമുക്കു സംസാരിക്കാൻ കഴിയണം.

**കുതിര – വെളിപ്പാട്പുസ്തകത്തിൽ**

വെളിപ്പാട്പുസ്തകം ആറാം അദ്ധ്യായത്തിൽ നാലു നിറങ്ങളിലുള്ള കുതിരകളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. എല്ലാം ആലങ്കാരികപ്രയോഗങ്ങ ളായിട്ടാണ് കൊടുത്തിരിക്കുന്നത്.

**(1) വെള്ളനിറത്തിലുള്ള കുതിര**

"അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു. അതിൽ ഇരിക്കുന്ന വന്റെ കയ്യിൽ ഒരു വില്ലുണ്ട്. അവനു ഒരു കിരീടവും ലഭിച്ചു. അവൻ ജയി ക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു" (6:2). 19:11,14 വാക്യങ്ങളിലും വെള്ളക്കുതിരയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പോരാട്ടത്തെയും വിജയത്തെയും കാണിക്കുന്നതാണ് ഈ കുതിര. ദൈവജനത്തിന്റെ ജീവിതത്തിൽ എന്നും വിവിധങ്ങളായ പോരാട്ടങ്ങളുണ്ട്. പക്ഷേ വെള്ളക്കുതിരപ്പുറത്ത് ഇരുന്ന് പോരാടുന്ന വിശ്വസ്തനും സത്യവാനുമാണ് നമ്മുടെ കർത്താവായ യേശു ക്രിസ്തു (19:11). പോരാട്ടങ്ങളിൽ ഈ യേശുവിനെ അനുഗമിക്കുന്നതിനുള്ള (19:14) മനസ്സ് നാം കാണിച്ചാൽ മതി.

ദൈവജനം എന്നും വിജയികളായി കാണപ്പെടണം. അപമാനങ്ങൾ ഏല്ക്കുമ്പോൾ നിശബ്ദനായി അതു സഹിക്കാനും, ജീവിതപ്രശ്നങ്ങളെ പ്രാർത്ഥനയോടെ നേരിടുവാനും, വേദനകളെ മൗനമായി സഹിക്കുവാനും, നഷ്ടങ്ങളിൽ സമചിത്തത കൈവെടിയാതിരിക്കാനും ഒരു ദൈവപൈതലിനു കഴിയുന്നുവെങ്കിൽ അവൻ വിജയപാതയിലാണ് എന്നു നമുക്കു നിസ്സം ശയം പറയാം.

**(2) ചുവന്ന നിറത്തിലുള്ള കുതിര**

"അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു. അതിന്റെ പുറത്ത് ഇരിക്കുന്നവന് മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമി യിൽനിന്നു സമാധാനം എടുത്തു കളയേണ്ടതിനു അധികാരം ലഭിച്ചു. ഒരു വലിയ വാളും അവനു കിട്ടി" (6:4). ഇവിടെ ചുവന്ന കുതിര സമാധാനമില്ലാ

യ്മയെ കാണിക്കുന്നു. നമ്മുടെ സമാധാനം വിവിധ നിലകളിൽ നഷ്ടപ്പെടുത്തുംവിധം പിശാച് സാഹചര്യങ്ങളെ ദുഷ്കരമാക്കിത്തീർക്കുന്നത് നമുക്ക് അറിയാവുന്ന കാര്യമാണല്ലോ. അതിനെ അതിജീവിക്കാൻ നാം ഉത്സാഹിക്കണം. ഇയ്യോബിന്റെയും യോസേഫിന്റെയും മോശെയുടെയും എല്ലാം ജീവിതത്തിലെ സമാധാനം കെടുത്താൻ പിശാച് കഠിനാദ്ധ്വാനം ചെയ്തെങ്കിലും അവരെല്ലാം ദൈവകൃപയിൽ ആശ്രയിച്ച് അതിനെ നേരിട്ടു. നമുക്കും നമ്മെ സൂക്ഷിക്കാം; 'ചുവന്ന കുതിരപ്പുറത്തിരിക്കുന്നവൻ' നമ്മുടെ സമാധാനം കളയാതിരിക്കട്ടെ.

**(3) കറുത്ത നിറത്തിലുള്ള കുതിര**

"അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസ് കയ്യിൽ പിടിച്ചിരുന്നു. ഒരു പണത്തിനു ഒരിടങ്ങഴി കോതമ്പ്. ഒരു പണത്തിനു മൂന്നിടങ്ങഴി യവം..." (6:5). ഇവിടെ കറുത്ത കുതിര ക്ഷാമത്തെയും പട്ടിണിയെയും ആണ് കാണിക്കുന്നത്. ജീവിതം എന്നും ഭൗതികനന്മകളാൽ സമൃദ്ധമാകണമെന്നില്ല. ആകസ്മികമായി ജീവിതസൗകര്യങ്ങളിൽ മാറ്റം വന്നുഭവിച്ചു എന്നു വരാവുന്നതാണ്. ഈ 'കറുത്ത കുതിര' വീട്ടിൽ വന്നു കയറുമ്പോഴേക്കും നാം ക്ഷീണിച്ചു മടുക്കരുത്. നമ്മുടെ ആയുധപ്പുരയിൽ നാം എപ്പോഴും പ്രാർത്ഥന എന്ന ആയുധം സൂക്ഷിക്കുക. സമൃദ്ധിയുടെ നാളുകളിൽ മാത്രമല്ല ക്ഷാമത്തിന്റെ നാളുകളിലും വിശ്വസ്തതയോടെ പിറുപിറുപ്പ് കൂടാതെ ദൈവമുമ്പാകെ ജീവിക്കുവാൻ നമുക്ക് കഴിയണം.

**(4) മഞ്ഞ നിറത്തിലുള്ള കുതിര**

"അപ്പോൾ ഞാൻ മഞ്ഞ നിറമുള്ളോരു കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവന് മരണം എന്നു പേർ; പാതാളം അവനെ പിന്തുടർന്നു..." (6:8). ഒരാൾ എത്ര ഉന്നതനായാലും അയാളെ ഒരിക്കൽ മരണം പിടികൂടും. മഞ്ഞ നിറത്തിലുള്ള കുതിര മരണത്തെക്കുറിച്ച് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

നേടി എന്നു ചിന്തിക്കുന്നതെല്ലാം നഷ്ടപ്പെടുന്ന ദിവസമാണത്. മരണത്തെ ജയിച്ച കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ടവർക്കു മാത്രം മരണത്തെ ഭയക്കേണ്ടതില്ല. അങ്ങനെയുള്ളവർക്ക് മരിക്കുന്നത് ലാഭമാണ് (ഫിലിപ്പിയർ 1:21); അല്ലാത്തവർക്ക് നഷ്ടവും. 'മഞ്ഞ നിറമുള്ള കുതിര' നമ്മെ തേടി വരുന്നതിനു മുമ്പ് നമ്മുടെ മുമ്പാകെ ദൈവം വച്ചിട്ടുള്ള ഓട്ടം നമുക്ക് നന്നായി ഓടാം.

**(തുടരും)**

# 26 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *"ദൈവം എന്തുകൊണ്ടാണ് ചിലരെ പണക്കാരായും മറ്റു ചിലരെ ദരിദ്രരായും സൃഷ്ടിച്ചിരിക്കുന്നത്?*

**മറുപടി:**

ദൈവം ആരെയും പണക്കാരനായോ ദരിദ്രനായോ സൃഷ്ടിക്കുന്നില്ല. ആദാമിന് വേണ്ടതെല്ലാം ദൈവം നൽകി. അതിൽ പലതും നഷ്ടപ്പെടുത്തിയത് ആദാം തന്നെയാണ്. നോഹയുടെ കാലത്തെ പ്രളയം കഴിഞ്ഞ് ശേമും ഹാമും യാഫെത്തും ഒരു പോലെയുള്ള സാഹചര്യത്തിലായിരുന്നു. പക്ഷേ കാലം മുന്നോട്ടു നീങ്ങിയപ്പോൾ അവരുടെ സന്തതിപരമ്പരകളിൽ ദരിദ്രരും ധനവാന്മാരും ഉണ്ടായി. എങ്ങനെ? അവരുടെ ഓരോരുത്തരുടെയും കയ്യിലിരുപ്പ് കൊണ്ട് എന്നു പറയുന്നതാവും ശരി.

മടിയന്മാർക്കും (സദൃശ.10:4), മദ്യപാനികൾക്കും, തീറ്റപ്രിയന്മാർക്കും (സദൃശ.23:21) ദാരിദ്ര്യം ഉണ്ടാവും എന്നു ബൈബിൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇങ്ങനെ ആളുകൾ ദാരിദ്ര്യം ഇരന്നു വാങ്ങുന്നതിന് ദൈവത്തെ കുറ്റം പറയുന്നതിൽ കാര്യമില്ലല്ലോ.

ആശുപത്രിക്കാരുടെയും മരുന്നുമാഫിയക്കാരുടെയും കൊള്ള നിമിത്തം മാരകമായ പല രോഗങ്ങൾക്കുമുള്ള ചികിത്സാച്ചെലവ് വളരെ കൂടുതലാണ്. വിറ്റുപെറുക്കിയും ലക്ഷങ്ങൾ കടംവാങ്ങിച്ചും ചികിത്സിക്കുന്ന ഏർപ്പാട് നാം നിർത്തണം. കാരണം ഈ ചികിത്സകൊണ്ട് രോഗി പലപ്പോഴും രക്ഷപ്പെടാറില്ല. ആകെക്കൂടിയുള്ള ലാഭം മരുന്നുകാർക്കും ആശുപത്രിക്കാർക്കും മാത്രമാണ്. കയ്യിലെ കാശും പോകും, ആളും പോകും എന്ന അവസ്ഥയാണെങ്കിൽ വിവേകപൂർവ്വം തീരുമാനമെടുത്ത് കടക്കെണിയിലും ദാരിദ്ര്യത്തിലും ചെന്നു ചാടാതെ നോക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്.

എന്നാൽ കുടുംബനാഥന്റെ മരണം, രോഗങ്ങൾ, അപകടത്തെത്തുടർന്ന് കുടുംബനാഥൻ തളർന്നു കിടക്കുന്ന അവസ്ഥ... ഇങ്ങനെയുള്ള സാഹചര്യങ്ങൾ നിമിത്തം ആളുകൾ ദരിദ്രരായിത്തീർന്നേക്കാം. ഇത്തരം സാഹചര്യങ്ങളിൽ സമൂഹത്തിന് അവരെ സഹായിക്കാനുള്ള കടപ്പാടുണ്ട്. അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. അധികാരികൾക്കും ആരോഗ്യപ്രവർത്തകർക്കും സാമൂഹ്യസംഘടനകൾക്കും യാതൊരു പഞ്ഞവുമില്ലാത്ത നമ്മുടെ നാട്ടിൽ ഇത്തരം ദയനീയ സാഹചര്യങ്ങളിൽപ്പെട്ട് വലയുന്നവരെ സഹായിക്കാൻ നിരവധി സംവിധാനങ്ങൾ ഉണ്ടാകുമല്ലോ.

യിസ്രായേൽമക്കളുടെ ഇടയിൽ ദരിദ്രർ ഉണ്ടാകാതിരിക്കാനുള്ള മാർഗ്ഗം ദൈവം പറഞ്ഞുകൊടുത്തിരുന്നു. (ആവർത്തനം 15:1-4). കാലാ പെറുക്കാനുള്ള അവകാശം, വീണ്ടെടുപ്പിന്റെ അവകാശം, വിമോചനം എന്നിങ്ങനെ വ്യത്യസ്ത മാർഗ്ഗങ്ങൾ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി ദൈവം അന്നു പറഞ്ഞിരുന്നു. അതു ആളുകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതു നിമിത്തം വീണ്ടും യിസ്രായേൽജനത്തിന്റെ മധ്യേ ദരിദ്രർ ഉണ്ടായി.

ഉള്ളതുകൊണ്ടു തൃപ്തിപ്പെടുമെന്നും, വലിയ തുകകൾ കടം വാങ്ങി ഒന്നും ചെയ്യില്ലെന്നും തീരുമാനമെടുക്കുക; കഠിനാദ്ധ്വാനത്തിനു തയ്യാറാവുക; ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുക; പെട്ടെന്നു പണമുണ്ടാക്കണം എന്ന ചിന്ത കളയുക; പണമുണ്ടാക്കാനുള്ള എളുപ്പമാർഗ്ഗങ്ങൾ സ്വീകരിക്കാതിരിക്കുക... ഇത്രയും ആയാൽ ദാരിദ്ര്യത്തെ നല്ലൊരു അളവിൽ നമുക്കു ഒഴിച്ചുനിർത്താൻ കഴിയും.

സമ്പത്ത് ഉണ്ടാക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത് ദൈവമാണ് (ആവർത്തനം 8:18). ചതിയുടെയും വഞ്ചനയുടെയും മാർഗ്ഗത്തിലൂടെ പണക്കാരാകുന്നവർ, ഇന്നല്ലെങ്കിൽ മറ്റൊരു ദിവസം അതിനു കണക്കു പറയേണ്ടി വരും. സമ്പത്തുള്ളവർക്കും ഇല്ലാത്തവർക്കുമുള്ള നിർദ്ദേശങ്ങൾ ദൈവവചനമായ ബൈബിളിൽ നാം കാണുന്നുണ്ട്. ദൈവം തരുന്ന സാഹചര്യങ്ങളിൽ – അത് ധനമുള്ളതായാലും ഇല്ലെങ്കിലും – അതിൽ സംതൃപ്തിയോടെ ജീവിക്കുക. ലളിതജീവിതം പരിശീലിക്കുക. ആഡംബരജീവിതം, അത് നയിക്കുന്നവർക്കും മറ്റുള്ളവർക്കും ഒരുപോലെ ദോഷകരമാണ്.

പണമാണ് സകലവും എന്ന ചിന്താഗതി നാം മാറ്റേണ്ടിയിരിക്കുന്നു. പണമല്ല, ദൈവഭക്തിയാണ് പ്രധാനം. ദൈവം തന്നെ നമ്മുടെ ധനമാകണം. നേരായ മാർഗ്ഗത്തിലൂടെ സഞ്ചരിച്ച് ധനവാനാകുന്നുവെങ്കിൽ അത് ദൈവാനുഗ്രഹമാണ്. സഭയിലെയും സമൂഹത്തിലെയും പാവങ്ങളോട് അവസരം ലഭിക്കുംപോലെ ദയ കാണിക്കാൻ ഇത്തരക്കാർ മനസ്സുവയ്ക്കണം. പണമുള്ളവന് സമൂഹത്തിലുള്ള സ്ഥാനം കണ്ട് നാം വിഷമിക്കേണ്ടതില്ല. ദൈവസന്നിധിയിൽ ഇത്തരം വ്യത്യാസങ്ങളില്ല. പണക്കാരനും പാവപ്പെട്ടവനും ദൈവസന്നിധിയിൽ തുല്യസ്ഥാനമാണുള്ളത്. സഭയിലെ വ്യക്തികൾ ചിലപ്പോൾ പക്ഷഭേദം കാണിക്കുന്നുണ്ടായിരിക്കാം. അത് അവരുടെ വിവരമില്ലായ്മയാണെന്നു നാം മനസ്സിലാക്കണം.

ഇന്നു കാണുന്ന ദാരിദ്ര്യത്തിന് ദൈവമല്ല ഉത്തരവാദി. വിവേകമില്ലാതെ പണം കൈകാര്യം ചെയ്യുന്ന വ്യക്തികളും സർക്കാരുകളുമാണ് ഇതിനു ഉത്തരവാദി. മദ്യപാനവും അലസതയും അതിഭക്ഷണവും വെടിഞ്ഞ് ഓരോരുത്തരും കഠിനാദ്ധ്വാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും മുന്നേറിയാൽ തീരാവുന്ന പ്രശ്നങ്ങളാണ് ഇതെല്ലാം. പണം കുറവാണെങ്കിലും നമുക്കു ഭക്തിയോടെ ജീവിക്കാം. ❍

2

-എംവിഎസ്-

# ഖുർആൻ:

## ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ

*(2012 ജൂൺമാസം മുതൽ തുടർച്ചയായി നാലു ലക്കങ്ങളിൽ റിയൽ ലൈഫ് വോയ്സിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പുനഃപ്രസിദ്ധീകരണമാണിത് - ചില വായനക്കാരുടെ അഭ്യർത്ഥനപ്രകാരമാണ് ഇത് ഇവിടെ വീണ്ടും പ്രസിദ്ധീകരിക്കുന്നത്)*

### അവകാശവാദം രണ്ട്

### അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഏക വേദഗ്രന്ഥമാണ് ഖുർആൻ

"അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഏക വേദഗ്രന്ഥം ഖുർആനാണ്... ഖുർആൻ അതിന്റെ ഒറിജിനൽ രൂപത്തിൽത്തന്നെ ലോകാവസാനം വരെ നിലനിൽക്കും, തീർച്ച" (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 6,7)

"മോശെക്കു അവതരിപ്പിക്കപ്പെട്ട **തൗറാത്തും** ദാവീദിനു നൽകപ്പെട്ട **സബൂറും** യേശുവിനു അവതരിപ്പിക്കപ്പെട്ട **ഇഞ്ചീലും** ദൈവിക ഗ്രന്ഥങ്ങളാണെന്നും അവയിൽ മാർഗ്ഗദർശനമുണ്ടെന്നുമുള്ള വസ്തുത ഖുർആൻ പല തവണ വ്യക്തമാക്കുന്നുണ്ട്... എന്നാൽ ഈ വേദഗ്രന്ഥങ്ങളൊന്നും തന്നെ അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നു നിലനിൽക്കുന്നില്ല...ഖുർആനിന്റെ സ്ഥിതി ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. അത് അവതരിപ്പിക്കപ്പെട്ട രൂപത്തിൽത്തന്നെ ഇന്നും നിലനിൽക്കുന്നു" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 11)

### മറുപടി

I മേൽപ്പറഞ്ഞ അവകാശവാദം ഉന്നയിച്ചവർ തന്നെ അത് വിശദീകരിച്ചുകൊണ്ട് കുറെക്കൂടി കാര്യങ്ങൾ എഴുതിയിട്ടുണ്ട്. ആ എഴുതിക്കൂട്ടിയിരിക്കുന്ന കാര്യങ്ങളാണെങ്കിൽ, അവരെന്തു പറഞ്ഞുവോ അതിനെ അവർ തന്നെ ഖണ്ഡിക്കുന്ന പോലെയാണു താനും. അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഏകവേദഗ്രന്ഥം ഖുർആനാണ് എന്നു അവകാശപ്പെടുന്നവർ തന്നെ തുടർന്നു പറയുന്നത് ശ്രദ്ധിക്കുക:

> "തുകൽ, കല്ല്, എല്ല് തുടങ്ങിയ വസ്തുക്കളിന്മേൽ മുഹമ്മദിന്റെ കാലത്തു തന്നെ അത് പൂർണ്ണമായി എഴുതിവച്ചിരിക്കുന്നു. രണ്ടു ചട്ടകൾക്കുള്ളിൽ അവ അടുക്കിവച്ച് ക്രോഡീകരിക്കപ്പെട്ടത് ഒന്നാം ഖലീഫ അബൂബക്കറിന്റെ കാലത്താണ്" (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 5)

ഖുർആൻ അങ്ങനെ പുസ്തകരൂപത്തിലാക്കാൻ അബൂബക്കർ നിർബന്ധിതനായ സാഹചര്യം എന്താണെന്നു കൂടി നമുക്കു ശ്രദ്ധിക്കാം:

> "അബൂബക്കറിന്റെ കാലത്ത് മതഭ്രഷ്ടരുമായി യമാമയിൽ വച്ചു നടന്ന യുദ്ധത്തിൽ ഖുർആൻ മനഃപാഠമാക്കിയിരുന്ന കുറെയേറെ മഹത്തുക്കൾ രക്തസാക്ഷികളായി. അപ്പോൾ... അബൂബക്കർ ഖുർആൻ ക്രോഡീകരിച്ച് ഒരു ഗ്രന്ഥരൂപത്തിലാക്കാൻ തീരുമാനിച്ചു. ഖുർആൻ സൂക്ഷ്മമായി ഹൃദിസ്ഥമാക്കിയിരുന്ന സൈദുബ്നു സാബിത്തിനെയാണ് ഈ കൃത്യം അദ്ദേഹം ഏൽപ്പിച്ചത്" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 11)

മാന്യവായനക്കാർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ലെങ്കിലും ഞാൻ ഒന്നു വിശദീകരിക്കയാണ്. തുകൽ, കല്ല്, എല്ല് തുടങ്ങിയ വസ്തുക്കളിന്മേൽ **ഖുർആൻ പൂർണ്ണമായി എഴുതി വയ്ക്കപ്പെട്ടിരുന്നുവെങ്കിലും**, ഖുർആൻ മനഃപാഠമാക്കിയ കുറെ പേർ കൊല്ലപ്പെട്ടപ്പോൾ ഖുർആനിന് 'വംശനാശം' സംഭവിക്കുമോ എന്ന ആശങ്കയുണ്ടായതുകൊണ്ട്, അബൂബക്കർ അതു ഗ്രന്ഥരൂപത്തിലാക്കുവാൻ തീരുമാനിച്ചു. അതു **സൂക്ഷ്മമായി മനഃപാഠമാക്കിയിരുന്ന** സൈദുബ്നു സാബിത്തിനെയാണ് ആ ഉത്തരവാദിത്തം ഏല്പിച്ചത്. അതായത് തുകൽ, കല്ല്, എല്ല് എന്നിവയിന്മേൽ പൂർണ്ണമായി എഴുതി വയ്ക്കപ്പെട്ടിരുന്ന ഖുർആൻ അന്ന്, അപ്പോൾ, ഇല്ല എന്നർത്ഥം. ഉണ്ടായിരുന്നുവെങ്കിൽ അവ ശേഖരിച്ചാൽ മതിയായിരുന്നുവല്ലോ. എങ്കിൽ അത് മനഃപാഠമാക്കിയവരുടെ ഓർമ്മശക്തിയേക്കാൾ കൂടുതൽ ആധികാരികമാകുമായിരുന്നു താനും.

തീർന്നില്ല. ഇനി എന്തു സംഭവിച്ചു എന്നു നോക്കാം.

> "ഇസ്ലാം നാനാദിക്കുകളിലേക്കും പ്രചരിച്ചപ്പോൾ വ്യത്യസ്ഥ പ്രദേശങ്ങളിലെ ശൈലീവ്യത്യാസത്തിന് അനുസരിച്ച് ഖുർആൻ പാരായണത്തിൽ ജനങ്ങൾ **ചില സ്വരഭേദങ്ങൾ** വരുത്തുന്നതായി ശ്രദ്ധിക്കപ്പെട്ടു. **ഇതു പരിഹരിക്കാനായി** മൂന്നാം ഖലീഫയായിരുന്ന ഉസ്മാൻ, നാലു പ്രമുഖന്മാരെ ഖുർആൻ പകർപ്പുകളുണ്ടാക്കാൻ ചുമതലപ്പെടുത്തി... ഈ പ്രതികളിലൊന്ന് താഷ്കന്റിലെ ഉസ്ബക്ക് ചരിത്ര മ്യൂസിയത്തിൽ ഇന്നും സൂക്ഷിച്ചുവച്ചിട്ടുണ്ട്. പ്രസ്തുത

> കോപ്പിയുമായി യാതൊരു വ്യത്യാസവും ഇന്നു ഉപയോഗിക്കപ്പെ ടുന്ന ഖുർആൻ കോപ്പികളിലൊന്നും കാണുവാൻ സാധ്യമല്ല."
> (*ഖുർആനിന്റെ പ്രാമാണികത*, പേജ് 14)

പ്രിയ വായനക്കാർക്ക് മനസ്സിലായിക്കാണുമല്ലോ. അതായത്, മൂന്നാം ഖലീഫയായിരുന്ന ഉസ്മാന്റെ കാലത്ത് ഖുർആൻ ഒന്നും കൂടി പരിഷ്ക രിച്ചു. ചില പ്രശ്നങ്ങൾ പരിഹരിക്കാനുണ്ടായിരുന്നത് അങ്ങനെ പരിഹ രിച്ചു. ഇതാണ് ഇന്നത്തെ ഖുർആൻ. 'ചില സ്വരഭേദങ്ങൾ' എന്ന പ്രസ്താ വന തീരെ നിസ്സാരമായി എടുക്കാനാവില്ല. അതെന്തു തന്നെയായാലും, **ഉസ്മാന്റെ കാലത്ത് തയ്യാറാക്കിയ ഖുർആൻ, അബൂബക്കറിന്റെ കാലത്ത് തയ്യാറാക്കിയ ഖുർആനിൽ നിന്നും വ്യത്യസ്തമായിരുന്നു എന്നു വ്യക്തം.**

ചുരുക്കത്തിൽ,

(1) മുഹമ്മദിന്റെ കാലത്ത് തുകൽ, കല്ല്, എല്ല് എന്നിവയിൽ പൂർണ്ണ മായി എഴുതി വയ്ക്കപ്പെട്ട നിലയിൽ ഖുർആൻ ഉണ്ടായിരുന്നു.

(2) അബൂബക്കറിന്റെ കാലത്ത് ഈ തുകലിലും കല്ലിലും എല്ലിലും ഉള്ള ഖുർആൻ ഇല്ലാത്തതുകൊണ്ട്, അത് ഓർമ്മിച്ചെടുത്ത് പുസ്തകരൂപത്തി ലാക്കി.

(3) ഉസ്മാന്റെ കാലത്ത് അത് വീണ്ടും പരിഷ്കരിച്ചു.

**അപ്പോൾ ഇന്നുള്ള ഖുർആൻ ഏതാണ്?** മുഹമ്മദിന്റെ കാലത്തുള്ള തുകലിലും കല്ലിലും എല്ലിലും ഉള്ളതാണോ? അല്ല. അബൂബക്കറിന്റെ കാല ത്തുള്ള ഖുർആൻ ആണോ? അതുമല്ല. പിന്നെ? മൂന്നാം ഖലീഫയായിരുന്ന ഉസ്മാന്റെ കാലത്തേതാണ് ഇന്നത്തെ ഖുർആൻ. ഇനി പറയൂ: 'അവതരി ക്കപ്പെട്ട രൂപത്തിൽ ഖുർആൻ ഇന്നും നിലനിൽക്കുന്നു' എന്ന അവകാശ വാദം പൊള്ളയല്ലേ?

**(തുടരും)**

120

ഈ ലക്കം *റിയൽ ലൈഫ് വോയ്സിന്റെ* 120-ാം ലക്കമാണ്. കഴിഞ്ഞ 120 മാസങ്ങ ളിൽ, ഒരു മാസം പോലും മുടങ്ങാതെ, ഈ മാസിക പ്രസിദ്ധീകരിക്കുവാൻ സ്നേഹവാനായ ദൈവം ഞങ്ങളെ പ്രാപ്തരാക്കിയതോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. (എഡിറ്റർ)

# ഇമ്മാനുവിന്റെ സംശയങ്ങൾ 35

**എം.വി.എസ്**

## 35 കൊല്ലം മുമ്പ് മരിച്ച അപ്പൻ വന്നു!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

"എവറസ്റ്റിന്റെ മുകളിൽ കയറിയവർ, ഞാൻ എവറസ്റ്റിന്റെ മുകളിൽ കയറി എന്നു പറയാതെ, ഞാൻ എവറസ്റ്റിനെ കീഴടക്കി എന്നാണല്ലോ പറയുന്നത്. അത് എന്തുകൊണ്ടാ പപ്പാ അങ്ങനെ പറയുന്നത്?"

നാലാം ക്ലാസ്സിൽ പഠിക്കുന്ന ഇമ്മാനുവിന്റെ സംശയം. ഇതിനു മറുപടി പറയാൻ പോയാൽ ഇന്നത്തെ എന്റെ ദിവസം തീരും. അതുകൊണ്ട് ഞാൻ കേൾക്കാത്ത പോലെ ഇരുന്നു.

"പപ്പാ... ഞാൻ ചോദിച്ചത് കേട്ടില്ലേ?"

അവന്റെ ശബ്ദത്തിനു ഒരു കനം വച്ച പോലെ എനിക്കു തോന്നി.

"ഒരു മയത്തില് സംസാരിക്കെടാ" ഞാൻ അവന്റെ നേരെ കണ്ണുരുട്ടി.

അവൻ ഒരല്പം പുറകിലേക്ക് മാറി. ഞാനും അവനും തമ്മിൽ മതിയായ അകലം ഉണ്ടെന്നു ഉറപ്പ് വരുത്തിയതിനുശേഷം, അവൻ ഗൗരവത്തിൽ തന്നെ പറഞ്ഞു:

"പപ്പാ എന്നെ കണ്ണുരുട്ടി പേടിപ്പിക്കയൊന്നും വേണ്ട. ഉത്തരം അറിയില്ലെങ്കിൽ അതു പറഞ്ഞാ മതി. വെരട്ടാൻ നോക്കണ്ട."

അപ്പോഴാണ് അന്ത്രോസ്ബ്രദറിന്റെ വരവ്.

"എന്താ ഇമ്മാനു പ്രശ്നം?"

പക്ഷേ ഇമ്മാനുവിന് പ്രശ്നം പറയാൻ സമയം കിട്ടിയില്ല. അപ്പോഴേക്കും അലറിക്കരഞ്ഞുകൊണ്ടും നെഞ്ചത്തടിച്ചുകൊണ്ടും ഇറ്റ്യാനംചേടത്തി അങ്ങോട്ടേക്ക് ഓടിവന്നു.

അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും നേർക്ക് നേർ അണിനിരന്നാൽ, അത് ബ്രസീൽ ഫാൻസും അർജന്റീന ഫാൻസും നേരിൽ കാണുന്ന പോലെയാണ്.

അന്ത്രോസിനെ കണ്ടതും പതിവു തെറ്റിച്ചുകൊണ്ട് ഇറ്റ്യാനംചേടത്തി വാവിട്ടു കരഞ്ഞു.

അന്തം വിട്ടുപോയ അന്ത്രോസ് ബ്രദർ എന്നോടു പറഞ്ഞു: "എന്താ ബ്രദറേ ഇത്. ഈ തള്ളയ്ക്ക് പ്രാന്തു പിടിച്ചോ? ഞാൻ ഇതിനെ നെഞ്ചോടു ചേർത്തു പിടിച്ചു ആശ്വസിപ്പിക്കും എന്നു ഇതു വിചാരിക്കുന്നുണ്ടോ, ആവോ?"

"ആദ്യം പ്രശ്നം എന്താണെന്നു ചോദിക്ക്?" ഞാൻ പറഞ്ഞു. അപ്പോഴേക്കും ഇമ്മാനു ആ ചോദ്യം ചോദിച്ചു കഴിഞ്ഞു:

"എന്താ ഉണ്ടായത് ഇറ്റ്യാനംചേടത്തി?"

''ന്റെ ഇമ്മാനുക്കുട്ടാ, എന്റെ അപ്പൻ വന്നൂടാ... ദേ ഇപ്പൊ തന്നെ... ഞാൻ ക്ഷീണം കാരണം ഒന്നു മയങ്ങിപ്പോയി... അപ്പൊ...ന്റെ അപ്പൻ വന്ന് എന്നെ... ഇറ്റ്യാനംകുട്ടീ എന്നൊരു വിളി..."

ഇതു പറഞ്ഞ് ഇറ്റ്യാനംചേടത്തി പൊട്ടിക്കരഞ്ഞുപോയി.

"ആര് വന്നൂന്ന്... ഇറ്റ്യാനത്തിന്റെ അപ്പനോ...?"

അന്ത്രോസ്ബ്രദറിനു ചിരി വന്നു. "മുപ്പത്തഞ്ച് കൊല്ലം മുമ്പ് ചത്തുപോയ ഔതചേട്ടൻ വന്നൂന്നോ?"

''അതേ അന്ത്രോസേ, എന്നിട്ട് പണ്ട് കള്ളു കുടിച്ചു വന്നിട്ട് വിളിക്കാറുള്ളപോലെ, സ്നേഹത്തോടെ ഇറ്റ്യാനംകുട്ടീ എന്നു വിളിച്ചു..."

ഇതു പറഞ്ഞപ്പോഴേക്കും ഇറ്റ്യാനംചേടത്തിയുടെ കണ്ട്രോൾ വീണ്ടും പോയി. കണ്ണിൽനിന്നും മൂക്കിൽനിന്നും ഒരുപോലെ ജലം പുറത്തേക്കൊഴുകി. തോളത്തിട്ടിരുന്ന തോർത്തുമുണ്ടുകൊണ്ട് കണ്ണും മൂക്കും തുടച്ചു.

"ഇറ്റ്യാനം..." അന്ത്രോസ്ബ്രദർ ശാന്തമായി വിളിച്ചു.

"എന്താ അന്ത്രോസേ..." ഇറ്റ്യാനം ഇത്രയും മയത്തിൽ അന്ത്രോസ്ബ്രദറിനോട് പെരുമാറുന്നത് ആദ്യമായാണ് കാണുന്നത്. അതുകൊണ്ടു തന്നെ ഇമ്മാനുവും ഞാനും കൗതുകത്തോടെ ആ രംഗം നോക്കി നിന്നു.

"പാമ്പ്, താമര എന്നൊക്കെയുള്ള പേരിൽ ഈ നാട്ടിൽ അറിയപ്പെട്ടിരുന്ന മുഴുകള്ളുകുടിയനും മുപ്പത്തഞ്ചു കൊല്ലം മുമ്പ് കള്ളുംകുടിച്ച് കനാലിൽ വീണ് ചത്തുപോയതുമായ ഔതച്ചേട്ടൻ വന്നു, അല്ലേ? ഇറ്റ്യാനം ഗുളിക മാറ്റി കഴിക്കേണ്ടി വരും."

രംഗം പെട്ടെന്ന് മാറിയത് കണ്ടപ്പോൾ എന്റെ ഉള്ളിൽ ഒരു നടുക്കം ഉണ്ടായി.

അന്ത്രോസിന്റെ പരിഹാസം കേട്ട ഇറ്റ്യാനത്തിന്റെ കണ്ണുകളിലെ കണ്ണീര് പെട്ടെന്നു വറ്റി. പകരം ഹോമകുണ്ഠത്തിലെ അഗ്നി കണക്കെ അത് ചുവന്നു.

''അന്ത്രോസേ.... സൂക്ഷിച്ചു സംസാരിക്കണം."

"ഇല്ലെങ്കിൽ..." അന്ത്രോസ്ബ്രദറും അങ്കം കുറിച്ചു.

"ഇല്ലെങ്കിൽ നീ എന്നെ പീഡിപ്പിക്കാൻ നോക്കി എന്നും പറഞ്ഞ് ഞാൻ വനിതാകമ്മീഷനു പരാതി കൊടുക്കും." ഇറ്റ്യാനംചേടത്തി അലറിക്കൊണ്ടാണ് ഇത് പറഞ്ഞത്.

അന്ത്രോസ്ബ്രദർ ഇതു കേട്ടപ്പോൾ കാറ്റുപോയ ബലൂൺപോലെയായി. ഇറ്റ്യാനമെങ്ങാനും ഒരു ആവേശത്തിനു ഇങ്ങനെ ചെയ്താൽ, പിന്നെ നാട്ടിൽ ഇറങ്ങി നടക്കാൻ പറ്റില്ല. മോളുടെ കല്യാണം കഴിയില്ല. മിണ്ടാതിരിക്കുന്നതാണ് ബുദ്ധി എന്നു അന്ത്രോസ്ബ്രദറിനു മനസ്സിലായി. അപ്പോൾ ഇമ്മാനു:

"ഇറ്റ്യാനംചേടത്തി ഉറക്കത്തിൽ അപ്പനെ സ്വപ്നം കണ്ടു അല്ലേ?"

"ങ്ഹാ... ഇമ്മാനു... സ്വപ്നത്തിൽ എന്റെ അപ്പൻ എന്റെ അടുത്തേക്ക് വന്നു."

മൂപ്പന്റെ വരവ് അപ്പോഴായിരുന്നു. വനിതാകമ്മീഷൻ എന്ന ഓലപ്പാമ്പ് കാണിച്ച് ഇറ്റ്യാനം വിരട്ടിയതുകൊണ്ട് അന്ത്രോസ്ബ്രദർ വിളറിയ മുഖവുമായി നിൽക്കുകയാണ്.

ഇമ്മാനു എല്ലാം മൂപ്പനോടു പറഞ്ഞു.

"മരിച്ചുപോയവരാരും ഇവിടേക്കു വരില്ല.. ഇറ്റ്യാനം അത് മനസ്സിലാക്കണം. അപ്പനോടുള്ള സ്നേഹം നിമിത്തം ഉറക്കത്തിൽ അപ്പനെ സ്വപ്നം കണ്ടതാണ്. അതല്ലാതെ അപ്പൻ ഇങ്ങോട്ടു വരില്ല. അദ്ദേഹം മരിച്ചുപോയില്ലേ?"

മൂപ്പൻ വിശദീകരിച്ചു.

പെട്ടെന്ന് ഊർജ്ജം വീണ്ടുകിട്ടിയ അന്ത്രോസ്ബ്രദർ വച്ചു കാച്ചി:

"നരകത്തിൽ കിടക്കുന്ന ഔതച്ചേട്ടൻ ബ്രാണ്ടി കുടിക്കാനായി വന്നതാകും."

"അന്ത്രോസേ, നീ വനിതാകമ്മീഷൻ ഓഫീസിലേക്ക് പോകേണ്ടിവരും." ഇറ്റ്യാനംചേടത്തിയുടെ ഈ ഭീഷണി കേട്ടതോടെ അന്ത്രോസ്ബ്രദർ വീണ്ടും ശാന്തനായി. മോളുടെ കല്യാണം കഴിയണം. എന്നിട്ട് വേണം ഈ ഇറ്റ്യാനത്തെ വറചട്ടിയിൽ ഇട്ടു പൊരിക്കാൻ... അന്ത്രോസ്ബ്രദർ പല്ലിറുമ്മി.

"എന്റെ അപ്പൻ കള്ളുകുടിയനായിരുന്നു. പക്ഷേ എന്നുവച്ച് അതെന്റെ അപ്പനാകാതിരിക്കില്ലല്ലോ."

അന്ത്രോസ്ബ്രദർ മിണ്ടിയില്ല.

''മരിച്ചവർ ആരും ഇവിടേക്ക് മക്കളെ കാണുവാനോ മറ്റോ ആയി വരില്ല." മൂപ്പൻ വീണ്ടും വിഷയത്തിലേക്കു വന്നു. എല്ലാവരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മൂപ്പൻ തുടർന്നു:

''നാം സ്വപ്നം കാണുന്നത് നമ്മുടെ മനസ്സിന്റെ ഒരു പ്രതിഭാസം ആണ്. അതിന് യാഥാർത്ഥ്യവുമായി പൊരുത്തം ഉണ്ടാകണമെന്നില്ല. മനസ്സിന്റെ അടിത്തട്ടിൽ കിടക്കുന്ന ചില കാര്യങ്ങൾ പെട്ടെന്നു കണ്ണിന്റെ മുമ്പിൽ നടക്കുന്ന പോലെ തോന്നുന്നു. പലതിനും അടുക്കും ചിട്ടയും പോലും ഉണ്ടാവില്ല."

''അല്ലാ...'' ഇറ്റ്യാനംചേടത്തി ഇടയ്ക്കു കയറി പറഞ്ഞു: "എന്റെ അപ്പൻ വന്നതു തന്നെയാണ്. ഞാൻ എന്റെ കണ്ണോണ്ട് കണ്ടതാണ്. അതേ കള്ളിമുണ്ട്... അതേ ബനിയൻ... അതേ തലേക്കെട്ട്... അതേ മണം... കള്ളിന്റെ... എന്റെ അപ്പൻ എന്നെ കാണാൻ വന്നതു തന്നെയാണ്... ആർക്കും എന്നെ മനസ്സിലാകുന്നില്ലല്ലോ, പരുമലയച്ചോ...'' എന്നു പറഞ്ഞ് ഇറ്റ്യാനം കരഞ്ഞുകൊണ്ട് അവിടെനിന്നും പോയി.

പുതുജീവൻ വീണപോലെ അന്ത്രോസ്ബ്രദർ: "മൂപ്പാ, അതിനു വട്ടാണ്."

അപ്പോൾ ഇമ്മാനു: "അന്ത്രോസങ്കിൾ, വനിതാകമ്മീഷൻ..."

ഇതു കേട്ട അന്ത്രോസ്ബ്രദറിന്റെ മുഖത്ത് ലജ്ജയുടെ വിളയാട്ടം. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th December 2021

Posted at
Thrissur RMS

**ആനുകാലികം**

## കരുണാമയൻ!

2021 ഡിസംബർ 1–ാം തിയതി ഇറങ്ങിയ ഒരു പത്രത്തിൽ ഉണ്ടായിരുന്ന ഒരു വാർത്തയുടെ തലക്കെട്ട് ഇപ്രകാരമായിരുന്നു: *തോക്കുകൊണ്ട് തലയ്ക്കടിച്ചു; പ്രതി കരുണാമയനും സംഘവും പിടിയിൽ.* ദൈവത്തെ വിശേഷിപ്പിച്ചുകൊണ്ട് വിളിക്കുന്ന പദങ്ങളിലൊന്നാണ് കരുണാമയൻ എന്നത്. പക്ഷേ സന്ദർഭത്തിൽ അത് ഒരു ഗുണ്ടാനേതാവിന്റെ പേരാണ്! ഈ കരുണാമയന്റെ പ്രായം 23. നിരവധി ആക്രമണകേസുകളിലെ പ്രതിയാണ്.

23 വർഷങ്ങൾക്കു മുമ്പ് ഒരു വീട്ടിൽ പിറന്നുവീണ ആൺകുഞ്ഞിന് അവന്റെ മാതാപിതാക്കൾ ഏറെ പ്രതീക്ഷയോടെ ഒരു പേരിട്ടു: കരുണാമയൻ! ഈശ്വരൻ കരുണാമയൻ ആണ് എന്നു മനസ്സിലാക്കിയ ആ മാതാപിതാക്കൾ, ഈശ്വരന്റെ പര്യായപദം തന്നെ തങ്ങളുടെ മകന്റെ പേരാക്കി. പക്ഷേ മകൻ വളർന്നു വന്നത് കരുണയില്ലാത്തവനായിട്ടാണെന്നു മാത്രം. അവൻ കരുണാമയനല്ല, ആക്രമണമയനായിട്ടാണ് തീർന്നത്! പേരും പ്രവൃത്തിയും തമ്മിലുണ്ടായ ഈ അന്തരം കണ്ട് പിശാച് പൊട്ടിച്ചിരിക്കുന്നുണ്ടായിരിക്കും.

കരുണാമയൻ എന്ന ആ ഇരുപത്തിമൂന്നുകാരന് ഇനിയും തിരുത്തുവാൻ അവസരമുണ്ട്. തന്റെ പേരിന്റെ അർത്ഥത്തിന് ഒത്തവണ്ണം അവൻ ജീവിച്ചിരുന്നുവെങ്കിൽ! ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V.